**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2970** **03-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ സ്റ്റേഡിയം കോംപ്ലക്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ നിലവിലെ അവസ്ഥയും പദ്ധതി നിർവ്വഹണം എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ; | (എ) | കിഫ്ബി പദ്ധതിയിലുൾപ്പെട്ട നിലമ്പൂർ സ്റ്റേഡിയത്തിന്റെ നിർമ്മാണം എസ്.പി.വി ആയ കിറ്റ്കോ മുഖേനയാണ് നടപ്പിലാക്കുന്നത്. നിലമ്പൂർ സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ നാച്ചറൽ ഫുട്ബോൾ ടർഫും, പവലിയൻ കെട്ടിടവുമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ്പൂൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിക്കാനുള്ളത്. കൂടാതെ സ്പോർട്സ് ഫ്ളോറിംഗിൽ ഉൾപ്പെട്ട 400 മീറ്റർ സിന്തറ്റിക് ട്രാക്കിന്റെ പ്രവൃത്തികൾ 20% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവും എന്ന് അറിയിക്കാമോ; സിന്തറ്റിക് ട്രാക്ക് നിർമ്മാണ കരാർ കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | 400 മീറ്റർ സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണ കരാർ 05.11.2020 ന് നൽകിയിരുന്നു. 4 മാസമാണ് കരാർ കാലാവധി. എന്നാൽ ഫുട്ബോൾ ടർഫിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകിയതിനാലും കോവിഡ് - 19 ന്റെ വ്യാപനം മൂലമുണ്ടായ ലോക്ക് ഡൗൺ കാരണവും ട്രാക്കിന്റെ നിർമ്മാണം ആരംഭിക്കുവാൻ വൈകിയിരുന്നു. നിലവിൽ ട്രാക്കിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ച് വരികയാണ്. 2021 ഡിസംബറിൽ സിന്തറ്റിക് ട്രാക്കിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | പദ്ധതിയുടെ ഭാഗമായ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം, പരിശീലന നീന്തൽക്കുളം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ഇവയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ; | (സി) | മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം, പരിശീലന നീന്തൽക്കുളം എന്നിവ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്തെ ഇലക്ട്രിക് ലൈനുകൾ മാറ്റി സ്ഥാപിക്കുവാൻ വൈകിയതിനാലും നിർദ്ദിഷ്ട സ്ഥലത്തുണ്ടായിരുന്ന പഴയ കെട്ടിടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി വൈകിയതിനാലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. തടസ്സ രഹിതമായ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. എന്നാൽ നിലവിൽ നിർമ്മാണത്തിനാവശ്യമായ |

| | | | |
|---|---|---|---|
| | | | വസ്തുക്കളുടെ കോസ്റ്റിൽ വന്ന വ്യതിയാനം മൂലം ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ്പൂൾ എന്നിവയുടെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്ന് എസ്.പി.വി ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. |
| (ഡി) | സ്റ്റേഡിയത്തിന്റെ പാർശ്വസംരക്ഷണം ചില ഭാഗങ്ങളിൽ മാത്രമേ ചെയ്തിട്ടുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മഴക്കാലത്ത് പാർശ്വസംരക്ഷണ ഭിത്തി കെട്ടിയിട്ടില്ലാത്ത ഭാഗത്ത് മണ്ണിടിച്ചിലുണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് ശേഷിക്കുന്ന ഭാഗത്ത് കൂടി സംരക്ഷണ ഭിത്തി കെട്ടുന്നതിന് കിഫ്ബിയിൽ നിന്നും അധിക തുക വകയിരുത്താനാകുമോ എന്നറിയിക്കാമോ ? | (ഡി) | ഉണ്ട്. നിലവിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന അളവിൽ പാർശ്വ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ടെന്നുള്ള വിവരം എസ്.പി.വി ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. എന്നാൽ കിഫ്ബി മാനദണ്ഡ പ്രകാരം പദ്ധതിയിലെ സേവിംഗ്സ് തുക ഉപയോഗിച്ച് മറ്റ് പ്രവൃത്തികൾ നടപ്പിലാക്കാൻ കിഫ്ബിയിൽ നിന്ന് പ്രത്യേക അനുമതി നേടേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ